" ഭരണ ഭാഷ മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ഇ2/36634/17

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ, തിരുവനന്തപുരം-33
തീയതി: 27.03.2018.

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് -പർച്ചേസ് വിഭാഗം-പൊതു അവധി ദിവസങ്ങളിൽ ജോലി ചെയ്യുന്നത്- സംബന്ധിച്ച്.

-------------

2017 -18 സാമ്പത്തിക വർഷാവസാനം പ്ലാൻ ശീർഷകത്തിൽ വകുപ്പിന് അനുവദിക്കപ്പെട്ട ഫണ്ട് പൂർണ്ണമായും വിനിയോഗിക്കേണ്ടതുണ്ട്. ആയതിനാൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. വകുപ്പ് ആസ്ഥാനത്തേയും സബ് ഓഫീസിലേയും ജീവനക്കാർക്ക് ഇത് ബാധകമാണ്.

1) മാർച്ച് 29, 30 തീയതികളിൽ , പർച്ചേസ് അക്കൗണ്ട്സ് എന്നീ സെക്ഷനുകളിലെ എല്ലാ ഉദ്യോഗസ്ഥരും സ്റ്റോറിലെ ജീവനക്കാരും ഓഫീസിൽ ഹാജരാകേണ്ടതാണ്. (അടിയന്തിര സാഹചര്യങ്ങളിൽ ഓഫീസ് മേധാവികൾക്ക് വിവേചനാധികാരം ഉപയോഗിക്കാവുന്നതാണ്).
2) മാർച്ച് 31 വരെ മുൻകൂർ അനുമതി കൂടാതെ ഇൻസ്ട്രക്ടർമാർ ഉൾപ്പെടെയുള്ള ഒരു ഉദ്യോഗസ്ഥനും ലീവ് അനുവദിക്കാൻ പാടുള്ളതല്ല.
3) വിതരണ ഉത്തരവ് നൽകി കഴിഞ്ഞ എല്ലാ സാധനങ്ങളും സംഭരിക്കപ്പെട്ടു എന്നും സ്ഥാപനങ്ങൾക്ക് പേമെന്റ് നൽകിക്കഴിഞ്ഞു എന്നും പ്രിൻസിപ്പാൾ ഉറപ്പു വരുത്തേണ്ടതാണ്.
4) കമ്പനികൾ ഉപകരണങ്ങൾ വിതരണം ചെയ്യുന്നത് തൽസമയം ഏറ്റെടുക്കുന്നതിന് സ്റ്റോർ കീപ്പർ, ഇൻസ്ട്രക്ടർമാർ എന്നീ ഉദ്യോഗസ്ഥർ അവധി ദിവസങ്ങൾ ഉൾപ്പെടെ ജോലിചെയ്യേണ്ടതാണ്.
5) മാർച്ച് 31 വരെ ഏത് ഉദ്യോഗസ്ഥരുടെ സേവനവും ഏത് സമയത്തും പ്രിൻസിപ്പാളിന് ആവശ്യപ്പെടാവുന്നതാണ്.
6) ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നിന്നും ടെലിഫോൺ വഴി വരുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ഓഫീസ് സമയം കഴിഞ്ഞും ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. ഓഫീസ് സമയം കഴിഞ്ഞും ലഭിക്കുന്ന ഉപകരണങ്ങൾ കൈപ്പറ്റുന്നതിന് ആവശ്യമായ ക്രമീകരണം നടത്തുന്നതിന് അതാതു പ്രിൻസിപ്പാൾമാർ ശ്രദ്ധിക്കേണ്ടതാണ്.
7) സ്ഥാപനങ്ങൾക്ക് തുക മാറി നൽകുമ്പോൾ ആ വിവരം UTR നമ്പർ ഉൾപ്പെടെ അതാത് സ്ഥാപനങ്ങളിൻമേലും ഡയറക്ടറേറ്റിലേയ്ക്കും വിവരം നൽകേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ് : എല്ലാ സ്ഥാപന മേധാവികൾക്കും

എസ്.എച്ച്. 28.03.18. എസ്.എ.